**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലയിൽ പുതുതായി ആരംഭിച്ച സ്കൂൾ ഓഫ് മാത്തമാറ്റിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, സ്കൂൾ ഓഫ് ഡാറ്റ അനലിറ്റിക്സ് , സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, സ്കൂൾ ഓഫ് ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് എന്നീ പഠന വകുപ്പുകളിലെ ഗസ്റ്റ് അധ്യാപക നിയോഗം - വകുപ്പ് തലവന്മാരെ ചുമതലപ്പെടുത്തിയത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണ വിഭാഗം എ 11 സെക്ഷൻ**

നമ്പർ. 5696/AD A11/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 28.10.2021

---

*പരാമർശം:*-1. യു.ഒ.നം :3256 /എ 5(3 )2018 /ഭരണവിഭാഗം തീയതി 11.04.2018.

2. യു.ഒ.നം :4291/AD A5/ 2021/MGU തീയതി 01.09.2021.
3. കത്ത് നം :SMS/Faculty/2021-25, തീയതി 20.09.2021
4. കത്ത് നം : SDA/Faculty/ 2021-25, തീയതി 20.09.2021
5. സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ് ഓണററി മേധാവിയുടെ കത്ത്.
6. സ്കൂൾ ഓഫ് ഫുഡ് ടെക്നോളജി ആൻഡ് ക്വാളിറ്റി അഷ്വറൻസ് ഓണററി മേധാവിയുടെ കത്ത്.

**<u>ഉത്തരവ്</u>**

മേൽ പരാമർശം (1) പ്രകാരം സർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിൽ ഗസ്റ്റ് അദ്ധ്യാപകരുടെ നിയോഗം അതത് വകുപ്പ് മേധാവികൾക്ക് നിർവഹിക്കാവുന്നതാണ്. പരാമർശം (2) പ്രകാരം ഗസ്റ്റ് അദ്ധ്യാപകരുടെ ജോലി സമയം ക്രമീകരിക്കൽ, വേതനം പരിഷ്കരിക്കൽ, സെലക്ഷൻ കമ്മിറ്റി രൂപീകരിക്കൽ എന്നീ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് പഠന വകുപ്പുകളിലെ ഗസ്റ്റ് അദ്ധ്യാപക നിയോഗം സംബന്ധിച്ച് പുതിയ മാർഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്ന വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, സ്കൂൾ ഓഫ് ഡാറ്റ അനലിറ്റിക്സ്, സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്, സ്കൂൾ ഓഫ് ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് എന്നീ പഠനവകുപ്പുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയോഗിക്കുന്നതിന് അതത് വകുപ്പ് മേധാവികൾ പരാമർശം (3), (4), (5), (6) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

ഇത് പരിഗണിച്ച് പ്രസ്തുത പഠനവകുപ്പുകളിൽ പുതിയ അദ്ധ്യാപകർ ഇല്ല എന്ന സാഹചര്യം കണക്കിലെടുത്തു ഈ അക്കാദമിക വർഷം അവസാനിക്കുന്നത് വരെയുള്ള കാലയളവിലേക്ക് ഗസ്റ്റ് അദ്ധ്യാപകരെ നിയോഗിക്കുന്നതിന് വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തി ബഹു: വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #1 of File 126927/AD A11-1/2021/AD A11 Approved by ASSISTANT REGISTRAR II (ADMIN) on 27-Oct-2021 05:37 PM - Page 1

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. VC/PVC എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, എഫ്.ഒ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ
3. ഡയറക്ടർ, സ്കൂൾ ഓഫ് മാത്തമാറ്റിക്സ് & സ്റ്റാറ്റിസ്റ്റിക്സ്/ സ്കൂൾ ഓഫ് ഡാറ്റ അനലിറ്റിക്സ്/ സ്കൂൾ ഓഫ് ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ്/ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & റോബോട്ടിക്സ്
4. ഫിനാൻസ്/ ഓഡിറ്റ് I/ V/ / ജനറൽ ക്യാഷ്
5. JD,KSAD
5. CMS
6. റെക്കോർഡ്സ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 126927/AD A11-1/2021/AD A11 Approved by ASSISTANT REGISTRAR II (ADMIN) on 27-Oct-2021 05:37 PM - Page 2